**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4610** **19-03-2025 - ൽ മറുപടിയ്ക്ക്**

**വൻ ധൻ വികാസ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ എത്ര വൻ ധൻ വികാസ് കേന്ദ്രങ്ങൾ (വി.ഡി.വി.കെ.) രൂപീകരിച്ചിട്ടുണ്ടെന്നും ഇതിനായി അനുവദിച്ച തുകയും നടന്ന പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ 20 വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ 31 VDVK-കൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 402.25 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച്, 201.125 ലക്ഷം രൂപ സംസ്ഥാന വന വികസന ഏജൻസിയ്ക്ക് ഒന്നാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. തുക പൂർണ്ണമായും പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വനാശ്രിത ഗോത്ര സമൂഹത്തിന് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനം നൽകുന്നതിനൊടൊപ്പം ആവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള സഹായവും ഈ പദ്ധതി വഴി നൽകുന്നു. VDVK അംഗങ്ങളായ 8138 വനാശ്രിതർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. നാളിതുവരെ 60-ൽ പരം മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തിയതിലൂടെ 50.34 ലക്ഷം രൂപയുടെ വാർഷിക വിറ്റുവരവ് നേടുന്നതിന് വൻ ധൻ വികാസ് കേന്ദ്രങ്ങൾക്ക് സാധിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾ ഓരോ സ്ഥലത്തും നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ 7 വൻ ധൻ വികാസ് കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | വൻ ധൻ വികാസ് കേന്ദ്രത്തിന്റെ പേര് | സ്ഥലം | നടപ്പിലാക്കിയ പദ്ധതികൾ |
|---|---|---|---|
| 1 | വനലക്ഷ്മി VDVK | പോട്ടോമാവ് | "ശങ്കിലി അഗർബത്തി" എന്ന പേരിൽ കുന്തിരിക്കത്തിരി (black dammer based) നിർമ്മിച്ച് വിപണനം നടത്തുന്നു. |
| 2. | വനലത VDVK | ഞാറനീലി | ഞാറനീലി എന്ന പേരിൽ ഹെയർ ഓയിൽ, ദന്തപ്പാല ഓയിൽ, വാതമുക്തി തൈലം എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്നു. |
| 3. | വനസ്പതി VDVK | കുട്ടപ്പാറ | 'സുന്ദരി' എന്ന പേരിൽ ഉരുക്ക് വെളിച്ചെണ്ണ നിർമ്മിച്ച് വിപണനം നടത്തുന്നു. |
| 4. | വന ജ്യോത്സന VDVK | നാരകത്തിൻകാല | മഞ്ഞൾ, കുരുമുളക് എന്നിവ ഉണക്കി പൊടിച്ച് വിപണനം നടത്തുന്നു. |
| 5. | വെള്ളയംദേശം VDVK | വെള്ളയംദേശം | കരകൗശല ഉൽപ്പന്നങ്ങൾ, പേപ്പർ ക്യാരി ബാഗ് എന്നിവ നിർമ്മിച്ച് വിപണനം നടത്തുന്നു. |
| 6 | കൊച്ചടപ്പപ്പാറ VD VK | കൊച്ചടപ്പപ്പാറ | പാലോട് ഗ്രോസ്സറി വിപണന ഷോപ്പ്, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് എന്നിവ പ്രവർത്തിപ്പിച്ചു വരുന്നു. |
| 7 | ആരണ്യം VDVK | ഗോൾഡൺവാലി | പൊന്മുടി ഇക്കോട്ടൂറിസം മേഖലയിൽ കോഫി ഷോപ്പ് പ്രവർത്തിപ്പിച്ചു വരുന്നു. |